# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1344 — 31.10.2019-ൽ മറുപടി നൽകേണ്ടത്

## ഹയർസെക്കന്ററി സ്കൂളുകളുടെ നവീകരണം

| | ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം ഹയർ സെക്കന്ററി സ്കൂളുകൾക്കാണ് ഹയർ സെക്കന്ററി പ്ലാൻ ഫണ്ടിൽ നിന്നും ലാബ്, ലൈബ്രറി എന്നിവ നവീകരിക്കുന്നതിന് തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | 2017-18 സാമ്പത്തിക വർഷം മാതിൽ ഗവ. ഹയർ സെക്കന്ററി സ്കൂളിനും, പയ്യന്നൂർ കണ്ടങ്കാളി ഷേണായി സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിനും ലാബ്, ലൈബ്രറി നവീകരിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷം മാതമംഗലം സി.പി.എൻ.എം ഗവ. ഹയർ സെക്കന്ററി സ്കൂളിനും, പെരിങ്ങോം ഗവ. ഹയർ സെക്കന്ററി സ്കൂളിനും ലാബ്, ലൈബ്രറി നവീകരിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ; | (ബി) | 2017-18 വർഷത്തെ പ്രവൃത്തി Kerala Infrastructure and Technology for Education (KITE) മുഖേന നിർമ്മിക്കാൻ 06.11.2017-ലെ G.O(Rt)No. 4198/2017/ G.Edn. പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിൽനിന്നും KITE പിന്മാറുകയും 19.10.2019-ലെ സ.ഉ(സാധാ) നം.4310/ 2019/പൊ.വി.വ പ്രകാരം പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | 2018-19 വർഷത്തെ പദ്ധതി സിഡ്കോയെ ഏൽപ്പിക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത പദ്ധതി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | 2018-19 വർഷത്തെ പദ്ധതി സിഡ്കോ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. 2017-18 ലെ പദ്ധതിയുടെ പുതുക്കിയ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ